"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - 2021-22 സാമ്പത്തിക വർഷത്തിലേക്ക് റി - വാലിഡേറ്റ് ചെയ്ത 5 ഫിഷ് മാർട്ടുകൾക്ക 50 ലക്ഷം രൂപ അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.740/2021/മ.തു.വ തീയതി,തിരുവനന്തപുരം, 10/12/2021

---

പരാമർശം:-

1. സ.ഉ.(സാധാ) നം.366/2017/മതുവ തീയതി, 09/05/2017.
2. സ.ഉ.(സാധാ) നം.843/2018/മതുവ തീയതി, 25/10/2018.
3. സ.ഉ.(സാധാ) നം.95/2021/മതുവ തീയതി, 15/02/2021.
4. ഫിഷറീസ് ഡയറക്ടറുടെ 22.07.2021, 23.10.2021 തീയതികളിലെ DFTVM/1112/2020-K3 നമ്പർ കത്തുകൾ.
5. സ.ഉ.(സാധാ) നം.637/2021/മതുവ തീയതി, 6/11/2021.

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷം മത്സ്യഫെഡ്‌വഴി 20 ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി 2405-00-105-86 (പി) എന്ന ശീർഷകത്തിൽ പരാമർശം (1) പ്രകാരം നൽകിയിരുന്നു. പരാമർശം (2) പ്രകാരം 6 ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. നിർമ്മിക്കാൻ ബാക്കിയുള്ള 14 ഫിഷ് മാർട്ടുകളിൽ 9 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതായും ആയതിലേക്ക് മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 90 ലക്ഷം രൂപ പരാമർശം (3) പ്രകാരം അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.ബാക്കി 5 ഫിഷ് മാർട്ടുകളുടെ നിർമ്മാണ പ്രവർത്തനം അരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ ഫിഷ് മാർട്ടുകൾ എന്ന പദ്ധതിയുടെ ഭരണാനുമതി 2021-22 സാമ്പത്തിക വർഷത്തിലേക്ക് പരാമർശം (4) പ്രകാരം റി - വാലിഡേറ്റ് ഉത്തരവാകുകയും ചെയ്തു.

2) മേൽ സാഹചര്യത്തിൽ 20 ഫിഷ് മാർട്ടുകൾക്ക് 2017-18 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പദ്ധതി ആയതിനാൽ പ്രസ്തുത ഭരണാനുമതി 2021-22 സാമ്പത്തിക വർഷത്തിലേക്ക് റി - വാലിഡേറ്റ് ചെയ്ത 2405-00-105-86 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും

ശേഷിയ്ക്കുന്ന 5 ഫിഷ് മാർട്ടുകളായ ആലപ്പുഴ ജില്ലയിലെ ഇ. എം. എസ്. സ്റ്റേഡിയം, കൊല്ലം ജില്ലയിലെ കടയ്ക്കൽ- കുന്നിക്കോട്, പത്തനംതിട്ട ജില്ലയിലെ റാന്നി, ഇടുക്കി ജില്ലയിലെ തൊടുപുഴ എന്നിവയ്ക്ക് 50 ലക്ഷം രൂപ അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം ഫിഷറീസ് ഡയറക്ടർ അപേക്ഷിച്ചിരുന്നു .ഇക്കാര്യം പരിശോധിച്ച്,2017-18 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ ഫിഷ് മാർട്ടുകൾ എന്ന പദ്ധതിയുടെ ഭരണാനുമതി 2021-22 സാമ്പത്തിക വർഷത്തിലേക്ക് പരാമർശം (5) പ്രകാരം റി - വാലിഡേറ്റ് ഉത്തരവായി.

3. 2021-22 സാമ്പത്തിക വർഷത്തിലേക്ക് റി - വാലിഡേറ്റ് ചെയ്ത 5 ഫിഷ് മാർട്ടുകൾക്കു 2405-00-105-86 (പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 50 ലക്ഷം രൂപ(അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ഡെപ്യൂട്ടിസെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabitha Sadasivan
സെക്ഷൻ ഓഫീസർ
Date: 10-12-2021 15:10:47
Reason: Approved